"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. ഷൗക്കത്ത് അലി, അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യ കേന്ദ്രം, തൃപ്പനച്ചി, മലപ്പുറം- സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2512/2024/H&FWD    തീയതി,തിരുവനന്തപുരം, 22-10-2024

പരാമർശം:- ആരോഗ്യ വകുപ്പ ഡയറക്ടറുടെ 17.07.2024 തീയതിയിലെ ഇവി 1/11948/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തൃപ്പനച്ചി കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ ഷൗക്കത്ത് അലിയെ ഡ്യൂട്ടി സമയത്ത് ടിയാന്റെയും ഭാര്യയുടെയും ഉടമസ്ഥതയിലുള്ള കാവനൂർ അങ്ങാടിയിലെ കാവനൂർ മെഡിക്കൽ സെന്റർ എന്ന ക്ലിനിക്കിൽ രോഗികളെ പരിശോധിക്കുന്നതായി വിജിലൻസ് ടീമിന്റെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും ടിയാൻ ഡ്യൂട്ടിക്ക് കൃത്യമായി ഹാജരാകാതെ സ്വന്തം താല്പര്യ പ്രകാരം പുറത്തു നിന്നും ഡോക്ടർമാരെ ഒ.പി. യിൽ പരിശോധനക്കായി നിയോഗിക്കുകയും അവർക്ക് ജോലി ചെയ്യുന്ന ദിവസങ്ങളിൽ HMC ഫണ്ടിൽ നിന്നും വേതനം നൽകുകയും, യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ഈവനിംഗ് ഒ.പി. നടത്തുന്നതിനായി മെഡിക്കൽ ഓഫീസറെ നിയോഗിക്കുകയും ചെയ്തതായും ആയതിലൂടെ വളരെ ഗുരുതരമായ അച്ചടക്കലംഘനമാണ് ടി ഡോക്ടറുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നതെന്നും, ആയതിനാൽ ഡോ ഷൗക്കത്തലിക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം, തൃപ്പനച്ചി കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ആയ ഡോ ഷൗക്കത്ത് അലിയെ, അച്ചടക്ക നടപടിയ്ക്ക് വിധേയമായി. 1960-ലെ കേരള

സിവിൽ സർവ്വീസ് (തരംതിരവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്കുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് (പി.ഡി.എഫ് രൂപത്തിൽ) ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
ഡോ. ഷൗക്കത്ത് അലി, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 22-10-2024 12:39:39